**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 04.04.2024

# കൈക്കൂലി വാങ്ങവേ വില്ലേജ് ഓഫീസർ വിജിലൻസ് പിടിയിൽ

കോട്ടയം ജില്ലയിലെ ഞീഴൂർ വില്ലേജ് ഓഫീസറായ ജോർജ്ജ് ജോൺ 1,300/- രൂപ കൈക്കൂലി വാങ്ങുന്നതിനിടയിൽ ഇന്ന് (04/04/2024) വിജിലൻസിന്റെ പിടിയിലായി.

കോട്ടയം ജില്ലയിലെ വാക്കാട് സ്വദേശിയായ പരാതിക്കാരന്റെ കുവൈറ്റിലുള്ള സഹോദരന്റെ ജനനം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ ജനനം രജിസ്റ്റർ ചെയ്യുന്നതിലേക്ക് പാലാ റവന്യൂ ഡിവിഷണൽ ഓഫീസിൽ കഴിഞ്ഞ മാസം ഇരുപത്തി ആറാം തിയതി അപേക്ഷ നൽകിയിരുന്നത് തൊട്ടടുത്ത ദിവസം തന്നെ വില്ലേജ് ഓഫീസറുടെ റിപ്പോർട്ടിനായി ഞീഴൂർ വില്ലേജ് ഓഫീസിൽ അയച്ചു. ഇന്നലെ (03/04/2024) പരാതിക്കാരൻ വില്ലേജ് ഓഫീസിൽ എത്തി വില്ലേജ് ഓഫീസറോട് വിവരം തിരക്കിയപ്പോൾ റിപ്പോർട്ട് റവന്യൂ ഡിവിഷണൽ ഓഫീസിൽ അയക്കുന്നതിന് 1,300/- രൂപ കൈക്കൂലി ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസ് കിഴക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. വി.ജി.വിനോദ് കുമാറിനെ അറിയിക്കുകയും, അദ്ധേഹത്തിന്റെ നിർദ്ദേശപ്രകാരം കോട്ടയം വിജിലൻസ് യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. വി.ആർ. രവി കുമാറിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി, ഇന്ന് (04/04/2024) ഉച്ചക്ക് 12:50 മണിയോടെ ഞീഴൂർ വില്ലേജ് ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും വില്ലേജ് ഓഫീസറായ ജോർജ്ജ് ജോൺ 1,300/-രൂപ കൈക്കൂലി വാങ്ങി ഒളിപ്പിക്കാൻ ശ്രമിക്കവെ വിജിലൻസ് സംഘം കൈയോടെ പിടികൂടുകയാണുണ്ടായത്.

അറസ്റ്റ് ചെയ്ത പ്രതിയെ കോട്ടയം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി യെ കൂടാതെ ഇൻസ്പെക്ടറായ ശ്രീ. പ്രദീപ്. എസ് സബ് ഇൻസ്പെക്ടർമാരായ സ്റ്റേൻലി ജോൺ, ജയ് മോൻ.വി.എം, പ്രദീപ് കുമാർ, പ്രസാദ്.കെ.പി. അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ രാജീവ്.എം.ആർ, അനിൽ കുമാർ.കെ.എസ് സീനിയർ സിവിൽ പോലീസ് ഓഫിസർമാരായ രാജേഷ്.എം.ജി, സുരേഷ്.കെ.ആർ, സിവിൽ പോലീസ് ഓഫീസറായ ജാൻസി.വി തുടങ്ങിയവരും ഉണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.